(ബി) സ്ത്രീശാക്തീകരണമാണ് ഇതുവഴി ലക്ഷ്യമാക്കുന്നത്.

(സി) ഈ പദ്ധതി നടപ്പിലാക്കാനായി ഫോട്ടോ ക്യാമ്പുകൾ സംഘടിപ്പിച്ച് ഓരോ കുടുംബത്തിലെയും മുതിർന്ന വനിതയുടെ ഫോട്ടോ എടുത്തിട്ടുണ്ട്. പുതിയ റേഷൻ കാർഡിൽ കുടുംബത്തിലെ മുതിർന്ന വനിതയായിരിക്കും കാർഡുടമ. വനതകളില്ലാത്ത കുടുംബത്തിൽ ഗൃഹനാഥനായിരിക്കും കാർഡുടമ.

കെ.എസ്.സി.എസ്.സി.-യുടെ പെട്രോൾ/ഡീസൽ പമ്പ്

186(1253) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് മണ്ഡലത്തിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ഒരു പെട്രോൾ/ഡീസൽ പമ്പ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

പെട്രോൾ/ഡീസൽ പമ്പുകൾ ആരംഭിക്കുന്നത് ഓയിൽ കമ്പനികളാണ്. ഓയിൽ കമ്പനികൾ അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പഴം, പച്ചക്കറി സംഭരണവും സംസ്കരണവും

187(1254) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം, പച്ചക്കറി, സംഭരണത്തിനും സംസ്കരണത്തിനും കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പഴവർഗ്ഗങ്ങളും പച്ചക്കറികളും ശീതികരിച്ചും ഉണക്കിയും ദീർഘകാലം സൂക്ഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് എറണാകുളം ജില്ലയിലെ ഇലഞ്ഞിയിൽ ഒരു പഴം പച്ചക്കറി ശീതികരണ സംസ്കരണ ശാലയുടെ നിർമ്മാണം നടന്നുവരുന്നു. ഇതുവഴി ഇവയുടെ വില നിയന്ത്രിക്കുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതി നടപ്പാക്കുന്നതിനായി 12.31 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 3.10 കോടി രൂപ ഇതുവരെ സംസ്ഥാന സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ APEDA (Agricultural and Processed Food Products Export Development Authority) നൽകാമെന്ന് അറിയിച്ച 7.35 കോടി രൂപയിൽ 3.67 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണ പദ്ധതി

188(1255) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു വിതരണ രംഗത്ത് കമ്പ്യൂട്ടർവത്കരണത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും

LIBRARY ARCHIVES Kerala Legislative Assembly